

ORTUS
- Turn your face to the sun
and all of the shadow fall
behind you...

# ആമുഖം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയുടെ അടുത്ത് അങ്ങാടിപ്പുറത്തുനിന്ന് രണ്ടര കിലോമീറ്റർ ഉള്ളിലായുള്ള പരിയാപുരം എന്ന കുടിയേറ്റ ഗ്രാമത്തിലാണ് സെന്റ് മേരീസ് ഹൈസ്കൂൾ നിലകൊള്ളുന്നത്.1979 ജൂണ് 28 ന് ആരംഭിച്ച സ്കൂളിൽ അന്ന് 85 വിദ്യാർഥികളും 6 അദ്ധ്യാപകരും 2 അനദ്ധ്യാപകരുമാണ് ഉണ്ടായിരുന്നത്. . തുടക്കം മുതൽ ഇന്നോളം ഈവിദ്യാലയം മലപ്പുറം ജില്ലയിൽ മുൻ നിരയിലാണ്.3 ഡിവിഷനായിആരംഭിച്ച ഈ സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ ഇപ്പോൾ 21 ഡിവിഷനുകൾ ഉണ്ട് ഹെഡ്മാസ്ററും 33 അദ്ധ്യാപകരും5 അനദ്ധ്യാപകരും ഉൾപ്പെടെ 38 ജീവനക്കാരുമുണ്ട്. 1998 ഇവിടെ ഹയർ സെക്കന്ററി ബാച്ച് ലഭിക്കുകയുണ്ടായി .ഹയർ സെക്കന്ററി വിഭാഗത്തിൽ 31

അദ്ധ്യാപകരും2 അനദ്ധ്യാപകരും ഉൾപ്പെടെ 33 ജീവനക്കാരുമുണ്ട്. ആരംഭം മുതൽ ഇന്നുവരെ അങ്ങാടിപ്പുറം പഞ്ചായത്തിലെ മികച്ച സ്കൂളിനുള്ള ട്രോഫി സെന്റ് മേരീസാണ്സ്വന്തമാക്കാറ്. ..ശ്രീ പി.എ. സാമുവലിന് ശേഷം ഈ സ്കൂളിന്റെ അമരത്ത് വന്ന ശ്രീ ജോർജ്ജ് പി.എം.,ശ്രീമതി മേരിക്കുട്ടി വർഗ്ഗീസ് ഇ .വി, ശ്രീ ജെയിംസ് കെ.എം, ആന്റണി വി ടി ,എബ്രഹാം. പി. എസ് എന്നിവർക്കുശേഷം ഹൈസ്കൂൾ വിഭാഗത്തെ ഇപ്പോൾ നയിക്കുന്നത് ശ്രീമതി ജോജി വർഗ്ഗീസും ഹയർ സെക്കന്ററി വിഭാഗത്തെ നയിക്കുന്നത് ശ്രീ ബെനോ തോമസും ആണ്.





# ചരിത്രം

## സെന്റ് മേരീസിന്റെ ചരിത്രം

പരിയാപുരം ഇടവകയിൽ 1978-79 കാലഘട്ടത്തിൽ വികാരിയായിരുന്ന റവ.ഫാ.ഫ്രാൻസീസ് ആറുപറയുടെ നേതൃത്വത്തിൽ അന്ന് ഭരണത്തിൽ സ്വാധീനമുണ്ടായിരുന്ന ഇടവകാംഗങ്ങളുടെ കൂട്ടായ ശ്രമഫലമായി ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കെയാണ് സെന്റ് മേരീസ് ഹൈസ്കൂളായി പരിയാപുരത്തിന് ലഭിക്കുന്നത്. 1979 ജൂൺ 28 ന് ആരംഭിച്ച സ്കൂളിൽ 85 വിദ്യാർഥികളും 6 അദ്ധ്യാപകരും 2 അനദ്ധ്യാപകരുമാണ് ഉണ്ടായിരുന്നത്.

കെട്ടിടത്തിന്റെ അപരാപ്തത കാരണം ആദ്യ ക്ലാസുകൾ പള്ളിയിൽ തന്നെയാണ് നടത്തിയിരുന്നത് .ടീച്ചർഇൻചാർജ്ജ് ആയി ശ്രീ മാത്യൂ തോമസ് നയിച്ച ഈ സ്കൂളിൽ 1981 ഓടെ 10 ആം ക്ലാസ്സിന്റെ ആരംഭത്തിൽ ഹെഡ്മാസ്ററായി പി.എ സാമുവൽ ചാർജെടുത്തു.ആദ്യ എസ് എസ് എൽസി ബാച്ച് 1982 ൽ പുറത്തിറങ്ങി. തുടക്കം മുതൽ ഇന്നോളം ഈവിദ്യാലയം മലപ്പുറം ജില്ലയിൽ മുൻ നിരയിലാണ്.3 ഡിവിഷനായിആരംഭിച്ച ഈസ്കൂളിൽ ഇപ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ 21 ഡിവിഷനും ഹയർസെക്കൻഡറി വിഭാഗത്തിൽ 17 ഡിവിഷനുകളും ഉണ്ട്.

64 അദ്ധ്യാപകരും7 അനദ്ധ്യാപകരും ഉൾപ്പെടെ 71 ജീവനക്കാരുമുണ്ട്. സംസ്ഥാന അവാർഡ്

ജേതാവായി സ്കൂളിനെ പ്രശസ്തിയിലേക്കെത്തിച്ച ശ്രീ പി.എ. സാമുവൽ സാറിന്റെ ശ്രമഫലമായി ഒരു വലിയ സ്റ്റേഡിയം സ്കൂളിനു നിർമ്മിക്കാൻ സാധിച്ചു. ഒപ്പം ബാസ്ക്കറ്റ് ബോൾ കോർട്ടും.1989 ൽ സ്കൂൾ അതിന്റെ ദശ വാർഷികം ആഘോഷമായി കൊണ്ടാടി.1995 ജൂൺ 12 ന് സ്കൂളിന്റെ ആദ്യ അമരക്കാരനായിരുന്ന ശ്രീ മാത്യൂ തോമസ് നിര്യാതനായി.1998 ശ്രീ പി ജെ ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരിക്കെ അങ്ങാടിപ്പുറം പഞ്ചായത്തിലെ വൈസ് പ്രസിഡന്റും വാർഡ് മെമ്പറുമായ ശ്രീ .ചാക്കോവർഗീസിന്റെയും ശ്രമഫലമായി ഇവിടെ +2 ലഭിക്കുകയുണ്ടായി. ആരംഭം മുതൽ ഇന്നുവരെ അങ്ങാടിപ്പുറം പഞ്ചായത്തിലെ മികച്ച സ്കൂളിനുള്ള ട്രോഫി സെന്റ് മേരീസാണ്സ്വ ന്തമാക്കാറ്. എം എൽ എ മാർ,എം.പി മാർ,കേന്ദ്ര,സംസ്ഥാന മന്ത്രിമാർ

തുടങ്ങിയ പ്രമുഖർ ഈ സ്കൂള് സന്ദർശിച്ചവരിൽ ഉൾ പ്പെടുന്നു.ശ്രീ പി.എ സാമുവൽ .ശ്രീ പി.എ. സാമുവലിനും ശേഷം ഈ സ്കൂളിന്റെ അമരത്ത് വന്ന ശ്രീ ജോർജ്ജ് പി.എം.,ശ്രീമതി മേരിക്കുട്ടി വർഗ്ഗീസ് ഇ .വി, ശ്രീ ജെയിംസ് കെ.എം, ആന്റണി വി ടി ,എബ്രഹാം. പി. എസ് എന്നിവർക്കുശേഷം സ്കൂളിനെ ഇപ്പോൾ നയിക്കുന്നത് ശ്രീമതി ജോജി വർഗ്ഗീസാണ് യാണ്. +2 വിഭാഗം നയിക്കുന്നത് ശ്രീ ബെനോ തോമസും ആണ്.

കായികപരിശീലനം തുടങ്ങി

അടുത്ത അധ്യയനവർഷം മിന്നുംതാരങ്ങളാകാൻ പരിയാപുരത്തിന്റെ കുട്ടിത്താരങ്ങൾ പരിശീലനം തുടങ്ങി മരിയൻ സ്പോർട്സ് അക്കാദമിയുടെ നേതൃത്വത്തിൽ മൂന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികൾക്കായി

കായികപരിശീലനം തുടങ്ങി. പരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് സ്കൂൾ മാനേജർ ഫാ.ജേക്കബ് കുത്തൂർ ഉദ്ഘാടനം ചെയ്തു. അത്‌ലറ്റിക്സ്, വോളിബോൾ, നെറ്റ്ബോൾ എന്നീ വിഭാഗങ്ങളിൽ കായികാധ്യാപകനായ കെ.എസ് സിബിയ്ക്കൊപ്പം യു.പി.സ്കൂളിലെ പുതിയ കായികാധ്യാപകൻ ജസ്റ്റിൻ ജോസും പരിശീലകനായുണ്ട്. രാവിലെ 7.30 മുതൽ 9.30 വരെയും വൈകിട്ട് നാലു മുതൽ ആറു മണി വരെയുമാണ് സൗജന്യ പരിശീലനം. താത്പര്യമുള്ളവർക്ക് ഇനിയും പങ്കെടുക്കാം. ഫോൺ: 7034848611





# വളർന്നു വളർന്ന് നന്മമരങ്ങൾ

ഭൂമിക്ക് തണലൊരുക്കുമെന്ന് പ്രതിജ്ഞയെടുത്ത് നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടു വർഷം മുമ്പ് നട്ട കുമിഴിന് ഇപ്പോൾ മൂന്നാൾ പൊക്കം. നട്ടുപിടിപ്പിച്ച ഇരുപത്തഞ്ചോളം തൈകളും നന്നായി വളർന്ന് പടരുന്നു.ഗവ. ഹോമിയോ ആശുപത്രി വളപ്പിൽ തണലൊരുങ്ങുമ്പോൾ പരിയാപുരം സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ നല്ലപാഠം കൂട്ടുകാർ നിറഞ്ഞ സന്തോഷത്തിലാണ്. നട്ടുവയ്ക്കുക മാത്രമല്ല, ഇടയ്ക്കിടെയെത്തി പരിസരം വൃത്തിയാക്കിയും വളമിട്ടും തൈകളെ പരിപാലിക്കാനും കുട്ടികളും അധ്യാപകരും

ശ്രദ്ധിച്ചതുകൊണ്ടാണ് ആശുപത്രി അങ്കണത്തിൽ പച്ചക്കുടകൾ വിടർന്നത്. മഹാഗണി ,കുമിഴ്, ലക്ഷ്മിതരു, സീതപ്പഴം, കണിക്കൊന്ന, കൂവളം, നെല്ലി തുടങ്ങിയവയാണ് സ്കൂളിലെ സ്കൗട്ട് & ഗൈഡ്സ്, എൻ.എസ്.എസ് സംഘടനകളിലെ നല്ലപാഠം പ്രവർത്തകർ ആശുപത്രി പരിസരത്തും പരിയാപുരം അങ്ങാടിയിലും നട്ടുവളർത്തുന്നത്. പരിസരം ശുചിയാക്കിയും വൃക്ഷങ്ങളെ പരിചരിച്ചും 'നന്മമരച്ചോട്ടിൽ രണ്ടാംവർഷം' വിദ്യാർഥികൾ ആഘോഷമാക്കി.





# ആദിവാസി കോളനിയിൽ ബിരിയാണി വിളമ്പി പരിയാപുരം സെന്റ് മേരീസ് സ്കൂളിലെ വിദ്യാർഥികളുടെ പെരുന്നാൾ ആഘോഷം

അങ്ങാടിപ്പുറം: ചിക്കൻ ബിരിയാണി വിളമ്പി

ചീരട്ടാമല ആദിവാസി കോളനിയിൽ

വിദ്യാർഥികളുടെ റമസാൻ ആഘോഷം.

വീട്ടിലെയും നാട്ടിലെയും ആഘോഷങ്ങൾക്ക്

ഇടവേള നൽകി പരിയാപുരം സെൻറ് മേരീസ്

ഹയർ സെക്കൻഡറി സ്കൂളിലെ

നല്ലപാഠം,വിദ്യാരംഗം കലാസാഹിത്യവേദി

പ്രവർത്തകർ അധ്യാപകർക്കൊപ്പമാണ് പെരുന്നാളിന്റെ ആഹ്ലാദവുമായി കോളനിയിലെത്തിയത്.കയ്യിൽ കരുതിയ 'സ്നേഹപ്പൊതി'കളും കോളനിയിലെ വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും പുതുവസ്ത്രങ്ങളും പെരുന്നാൾ സമ്മാനമായി കൈമാറി. പന്ത്രണ്ടുവർഷം മുൻപ് കോളനിയിലെ രണ്ടു കുടുംബങ്ങൾക്ക് വിദ്യാർഥികളും അധ്യാപകരും ചേർന്ന് നാട്ടുകാരുടെ സഹായത്തോടെ വീടു നിർമിച്ചു നൽകിയതു മുതൽ തുടങ്ങിയതാണ് ഈ സ്നേഹസൗഹൃദം.



**വരച്ചും വായിച്ചും വൈകല്യങ്ങളെ തോൽപ്പിച്ച ജസ്റ്റർ വിദ്യാർഥികൾക്കൊപ്പം**

ബ്രഷ് പല്ലുകൾക്കിടയിൽ കടിച്ചു പിടിച്ച് ജസ്റ്റർ വരച്ചു തുടങ്ങി. വിടർന്ന കണ്ണുകളോടെ വിദ്യാർഥികൾ. പുസ്തകം വായിക്കുന്ന കുട്ടിയുടെ ബഹുവർണചിത്രം പൂർത്തിയായപ്പോൾ നിറഞ്ഞ കയ്യടി .വിധിയേയും സ്വന്തം ശരീരത്തെയും തോൽപ്പിച്ച് വരച്ചും വായിച്ചും ആത്മവിശ്വാസത്തിന്റെ ആൾരൂപമായ ചിത്രകാരൻ ജസ്റ്റർ കോട്ടക്കുന്ന് കുട്ടികൾക്ക് കൂട്ടുകാരനായി. പരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വായനാവാരം പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജസ്റ്റർ നിർവഹിച്ചു. *ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ വരയ്ക്കുന്നതിനിടയിൽ പെൻസിൽ ഊർന്നുവീണു. കഴുത്തിനു മുകളിൽ മാത്രം ചലനശേഷി*

അവശേഷിപ്പിച്ച രോഗത്തിന്റെ വരവായിരുന്നു.
മസിലുകൾ അയഞ്ഞ് അവയവങ്ങൾ
നിശ്ചലമാകുന്ന അപൂർവരോഗം - മസ്കുലർ
ഡിസ്ട്രോഫി. അങ്ങനെ ആറാം ക്ലാസ്സിൽ
പഠിക്കുമ്പോൾ സ്കൂളിലേക്കുള്ള വഴിയടഞ്ഞു.
പക്ഷേ പഠനം ഉപേക്ഷിച്ചില്ല.ഇംഗ്ലിഷിലും
മലയാളത്തിലുമായി ഒട്ടേറെ പുസ്തകങ്ങൾ
വായിച്ചു.വര ശാസ്ത്രീയമായി പഠിച്ചു.
എഴുപത്തഞ്ചോളം രാജ്യങ്ങളിൽ ചിത്രപ്രദർശനം
നടത്തി. ലോകവ്യാപകമായി
ആശംസാകാർഡുകളിലും കലണ്ടറുകളിലും
ചിത്രങ്ങൾ സ്ഥാനം പിടിച്ചു. നല്ല പ്രതിഫലവും
ലഭിക്കുന്നുണ്ട്. നിങ്ങളും കഴിവുകൾ വളർത്തണം.
വായിച്ചും വരച്ചും മിടുക്കരാകണം. ജീവിതത്തിൽ
തോറ്റു പിന്മാറരുത്." ജസ്സറിന്റെ വാക്കുകൾ

*വിദ്യാർഥികൾ ഹൃദയത്തോടു ചേർത്തു.*

ചിത്രകാരൻ ഡി.സുരേഷ് ബാബുവും ചിത്രം വരച്ചു.പ്രധാനാധ്യാപിക ജോജി വർഗീസ്,വിദ്യാരംഗം കോ-ഓർഡിനേറ്റർ മനോജ് വീട്ടുവേലിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.ജസ്റ്ററിന്റെ ചിത്രങ്ങളുടെ പ്രദർശനവുമുണ്ടായി.

പുസ്തകയാത്ര,പുസ്തകോത്സവം, എഴുത്തുകാരുമായി കൂടിക്കാഴ്ച, പഠനയാത്ര, കൈയെഴുത്തു മാസിക നിർമാണം, പ്രിന്റഡ് പത്രം തുടങ്ങി ഒട്ടേറെ പദ്ധതികൾ വായനാവാരത്തിന്റെ ഭാഗമായി സ്കൂളിൽ ഒരുക്കുന്നുണ്ട്.



## ലോകകപ്പ് ആവേശത്തിൽ പരിയാപുരം സ്കൂളിലെ കുട്ടികൾ

ലോകകപ്പ് ഫുട്ബോളിന്റെ ആവേശം നെഞ്ചേറ്റി പരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ. ഹൈസ്കൂളിലെ ഓരോ ഡിവിഷനും അവർക്കിഷ്ടപ്പെട്ട ടീമിന്റെ പേര് സ്വന്തമാക്കിയാണ്' കളി' തുടങ്ങിയത്. പിന്നെ സ്വന്തം ടീമിന്റെ നിറങ്ങളാൽ ടീം സ്പിരിറ്റോടെ ക്ലാസ് മുറികൾ അലങ്കരിച്ചു. പോസ്റ്ററുകളും കൊടികളും റിബണുകളും വർണബലൂണുകളും നിറഞ്ഞപ്പോൾ ആവേശം മൂത്തു നറുക്കെടുപ്പിലൂടെ മത്സര തീയതി നിശ്ചയിച്ചു. വൈകിട്ട് സ്കൂൾ വിട്ടാൽ ഫുട്ബോൾ ആരാധകരെല്ലാം ഗ്രൗണ്ടിലേക്ക്. ഓരോ

ദിവസവും ഓരോ കളി വീതം. ടീമുകൾ' സ്വന്തം രാജ്യ' ത്തിന്റെ ജഴ്സി ധരിച്ച് കളത്തിലിറങ്ങുമ്പോൾ ഗാലറിയിൽ ആവേശം മുറുകും. റഫറിമാരും ലൈൻ അമ്പയർമാരും പരിശീലനം നേടിയ കുട്ടികൾ തന്നെ. ഇന്നലെ കളിക്കളത്തിൽ അർജന്റീനയും (X.G) സ്പെയിനും (X. A) തമ്മിലായിരുന്നു പൊരിഞ്ഞ പോരാട്ടം. ടൈബ്രേക്കറിൽ വിജയം അർജന്റീനയ്ക്ക്. വിജയികൾ പ്രീക്വാർട്ടറിലേക്ക്. ലോകകപ്പ് ഫൈനൽ നടക്കുന്ന ജൂലൈ 15 നു തന്നെ സെൻറ് മേരീസിലും ഫൈനൽ തകർക്കും. വിജയികൾക്ക് ഉഗ്രൻ സമ്മാനങ്ങളുമുണ്ട്. കായികാധ്യാപകൻ കെ. എസ്. സിബിയുടെ നേതൃത്വത്തിൽ കുട്ടിക്കൂട്ടം ആവേശത്തിമിർപ്പിലാണ്. പ്രവചനമത്സരവും ഫുട്ബോൾ ക്വിസും ലോകകപ്പിന്റെ ഭാഗമായുണ്ട്.



.

- 